ത്രിവേണി, നീതി, നന്മ സ്റ്റോറുകളുടെ പ്രവർത്തനം

76 (422) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ ത്രിവേണി, നീതി, നന്മ സ്റ്റോറുകൾ പ്രവർത്തനം നിർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാവേലിക്കര മണ്ഡലത്തിൽ അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചിട്ടുള്ള ത്രിവേണി, നീതി, നന്മ സ്റ്റോറുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) മണ്ഡലത്തിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ നിലവിലുള്ള നന്മ, നീതി സ്റ്റോറുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇവയിൽ ഏതെങ്കിലും പൂട്ടാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ഇത് അടിയന്തരമായി പിൻവലിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഇ) താമരക്കുളത്ത് പ്രവർത്തിക്കുന്ന ത്രിവേണി ഗോഡൗൺ പൂട്ടാനെടുത്ത തീരുമാനം അടിയന്തരമായി പിൻവലിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവേലിക്കര മണ്ഡലത്തിൽ ഒരു ത്രിവേണി സ്റ്റോർ നിർത്തലാക്കിയിട്ടുണ്ട്. 38 നന്മ സ്റ്റോറുകൾ നിർത്തലാക്കാൻ ഭരണ സമിതികൾ തീരുമാനിച്ചിട്ടുണ്ടെങ്കിലും തീരുമാനം ഇതുവരെ നടപ്പിലാക്കിയിട്ടില്ല. മണ്ഡലത്തിൽ നീതി സ്റ്റോറുകൾ ഒന്നും തന്നെ പ്രവർത്തനം നിർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മാവേലിക്കര മണ്ഡലത്തിൽ പ്രവർത്തിച്ചിരുന്ന കാഞ്ഞിരത്തിൻമൂട് (വള്ളിക്കുന്നം) ത്രിവേണി സ്റ്റോറിന്റെ പ്രവർത്തനം 2014 ഡിസംബറിൽ അവസാനിപ്പിച്ചിട്ടുണ്ട്. അടച്ചുപൂട്ടുവാൻ തീരുമാനിച്ചിട്ടുള്ളതും ഫെഡറേഷൻ നേരിട്ട് നടത്തുന്നതുമായ 38 നന്മ സ്റ്റോറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നുണ്ട് :

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	നന്മ സ്റ്റോർ
(1)	(2)
1	തട്ടാരമ്പലം
2	കഴിമുക്ക്
3	ചത്തിയറ
4	പച്ചക്കാട്
5	കൊട്ടക്കാട്ടുശ്ശേരി
6	ചത്തിയറ എച്ച്.എസ്. ജംഗ്ഷൻ
7	വാത്തിക്കുളം
8	കല്ലുമല
9	വില്ലേജ് പല്ലാരിമംഗലം
10	പള്ളിയാവട്ടം
11	കോട്ടമുക്ക്
12	കൈതമുക്ക്
13	തെക്കേക്കര സൊസൈറ്റി
14	വാളച്ചാൽ
15	വട്ടക്കാട്
16	കന്നിമേൽ
17	പുത്തൻചന്ത
18	മലമേൽ
19	മലനട
20	നൂറനാട് താമരക്കുളം
21	ഇലഞ്ഞിക്കൽ ജംഗ്ഷൻ
22	കണ്ണനാകുഴി ചാരുമൂട്
23	വാസവപുരം
24	പേത്തർ കാരാഴ്മ
25	കെ.എസ്.സി.ഡി.സി. കരിമുളയ്ക്കൽ
26	തത്തമുന്ന

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
27	ചുനക്കര
28	പാലമുക്ക്
29	കണ്ണനാകുഴി
30	കാരവിള
31	വേടരപ്ലാവ്
32	എരട്ടപ്പുള്ളിക്കുളം
33	തെരുവിൽമുക്ക്
34	വരേണിക്കൽ
35	കൊല്ലകടവ്
36	കറ്റാനം
37	പോണകം
38	സൗത്ത് മാങ്കുഴി

മണ്ഡലത്തിൽ പ്രവർത്തിക്കുന്ന നീതി സ്റ്റോറുകൾ ഒന്നുംതന്നെ അടച്ചുപൂട്ടുവാൻ തീരുമാനിച്ചിട്ടില്ല.

(സി) മാവേലിക്കര മണ്ഡലത്തിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ നിലവിലുള്ള നന്മ, നീതി സ്റ്റോറുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു :

1. നന്മ സ്റ്റോറുകൾ

ക്രമ നമ്പർ	പഞ്ചായത്ത്/മുനിസിപ്പാലിറ്റി	നന്മ സ്റ്റോർ
(1)	(2)	(3)
1	മാവേലിക്കര മുനിസിപ്പാലിറ്റി	തട്ടാരമ്പലം
2	ഭരണിക്കാവ് പഞ്ചായത്ത്	കറ്റാനം
3		സൗത്ത് മാങ്കുഴി
4		കോട്ടമുക്ക്
5	ചുനക്കര പഞ്ചായത്ത്	കെ.എസ്.സി.ഡി.സി. കരിമുളയ്ക്കൽ
6		ചുനക്കര
7		തെരുവിൽമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
8	നൂറനാട് പഞ്ചായത്ത്	തത്തമുന്ന
9	പാലമേൽ പഞ്ചായത്ത്	പാലമുക്ക്
10		ചത്തിയറ
11		പച്ചക്കാട്
12		കോട്ടക്കാട്ടുശ്ശേരി
13		ചത്തിയറഎച്ച്.എസ്. ജംഗ്ഷൻ
14	താമരക്കുളം പഞ്ചായത്ത്	മലനട
15		നൂറനാട് താമരക്കുളം
16		കണ്ണനാകുഴി, ചാരുമ്മൂട്
17		വാസവപുരം
18		പേരൂർകാരാഴ്മ
19		കണ്ണനാംകുഴി
20		കാരവിള
21		വേടരപ്ലാവ്
22	തഴക്കര പഞ്ചായത്ത്	എരുട്ടപ്പള്ളിക്കുടം
23		കൊല്ലകടവ്
24		കുഴിമുക്ക്
25		വാത്തിക്കുളം
26		കല്ലുമല
27	തെക്കേക്കര പഞ്ചായത്ത്	വില്ലേജ് പല്ലാരിമംഗലം
28		പള്ളിയാവട്ടം
29		കൈതമുക്ക്
30		തെക്കേക്കര സൊസൈറ്റി
31		വരേണിക്കൽ
32		പോണകം

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
33		വാളച്ചാൽ
34		വട്ടക്കാട്
35	വള്ളിക്കുന്നം പഞ്ചായത്ത്	കണിമേൽ
36		പുത്തൻചന്ത
37		മലമേൽമാർക്കറ്റ് ജംഗ്ഷൻ
38		ഇലഞ്ഞിക്കൽ ജംഗ്ഷൻ

2. നീതി സ്റ്റോറുകൾ

ക്രമ. നമ്പർ	പഞ്ചായത്ത്/ മുനിസിപ്പാലിറ്റി	സംഘം	നീതി സ്റ്റോർ
1	ചെന്നിത്തല	ചെന്നിത്തല എസ്.സി.ബി	3
2	തഴക്കര	അറുനൂറ്റിമംഗലം എസ്.സി.ബി	2
		കല്ലുമല എസ്.സി.ബി	1
		മാങ്കാംകുഴി എസ്.സി.ബി	1
3	തെക്കേക്കര	പൊന്നേഴ എസ്.സി.ബി	1
		തെക്കേക്കര എസ്.സി.ബി	1
4	ഭരണിക്കാവ്	ഭരണിക്കാവ് എസ്.സി.ബി	1
		പള്ളിക്കൽനടുവിലെമുറി എസ്.സി.ബി	2
5	ചുനക്കര	ചുനക്കര എസ്.സി.ബി	1
6	നൂറനാട്	നൂറനാട് എസ്.സി.ബി	2
		നൂറനാട് നോർത്ത് എസ്.സി.ബി.	2
7	പാലമേൽ	പാലമേൽ എസ്.സി.ബി നമ്പർ 4018	1
		പാലമേൽ എസ്.സി.ബി നമ്പർ 4013	1
		കടശ്ശനാട് എസ്.സി.ബി	1
8	താമരക്കുളം	താമരക്കുളം എസ്.സി.ബി	1
		കണ്ണനാംകുഴി എസ്.സി.ബി	1

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
9	വള്ളികുന്നം	വള്ളിക്കുന്നം കടുവിനാൽ എസ്.സി.ബി.	1
10	ചെട്ടിക്കുളങ്ങര	പെരിങ്ങാല എസ്.സി.ബി	1
		ഈരേഴ എസ്.സി.ബി	1
		കണ്ണമംഗലം എസ്.സി.ബി	1
		മേനാമ്പള്ളി എസ്.സി.ബി	1
11	മാവേലിക്കര മുനിസിപ്പാലിറ്റി.	മോട്ടോർ തൊഴിലാളി ക്ഷേമ സി.എസ്. 1102	1
	ആകെ		28

മേൽപരാമർശിച്ചിരിക്കുന്നതിൽ സാമ്പത്തികമായി ഭാരിച്ച നഷ്ടം ഉണ്ടാക്കുന്ന നന്മ സ്റ്റോറുകൾ എല്ലാം നിർത്തലാക്കാനാണ് ഭരണസമിതി തീരുമാനിച്ചിരിക്കുന്നത്. നീതി സ്റ്റോറുകൾ ഒന്നും അടച്ചു പൂട്ടാൻ തീരുമാനിച്ചിട്ടില്ല.

(ഡി) കൺസ്യൂമർഫെഡ് നടത്തുന്ന സ്ഥാപനങ്ങളിൽ തീരെ നഷ്ടത്തിൽ പ്രവർത്തിക്കുന്നവയും ഇത്തരത്തിൽ പ്രവർത്തനം തുടർന്നാൽ ഫെഡറേഷന് സാമ്പത്തിക മാന്ദ്യം വർദ്ധിക്കുന്നതിനുമാത്രം സഹായകമാകുമെന്ന അവസ്ഥിയിലുള്ളവയുമായ സ്ഥാപനങ്ങളെയാണ് നിർത്തലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ടി തീരുമാനം പിൻവലിക്കുന്നത് ഫെഡറേഷന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതാണ് എന്നതിനാൽ അത്തരത്തിലൊരു തീരുമാനം കൈക്കൊള്ളുവാൻ ഇപ്പോൾ കഴിയില്ല.

(ഇ) താമരക്കുളത്ത് ത്രിവേണി ഗോഡൗൺ നിലവിലില്ല.

നന്മ സ്റ്റോറുകൾ

77 (423) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ആകെ എത്ര 'നന്മ' സ്റ്റോറുകൾ ആരംഭിച്ചിരുന്നു എന്ന് വ്യക്തമാക്കാമോ ; ഇതിൽ ആകെ എത്ര ജീവനക്കാർ നിയമിക്കപ്പെട്ടിരുന്നു എന്ന് വ്യക്തമാക്കാമോ ; ഇപ്പോൾ ആകെ പ്രവർത്തിക്കുന്ന നന്മ സ്റ്റോറുകൾ എത്രയെന്ന് വെളിപ്പെടുത്താമോ ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

ഉത്തരം

സംസ്ഥാനത്ത് കൺസ്യൂമർഫെഡ് നേരിട്ട് ആരംഭിച്ചിട്ടുള്ള 869 നന്മ സ്റ്റോറുകളും സഹകരണ സംഘങ്ങൾ മുഖാന്തരം നടത്തുന്ന 131 നന്മ സ്റ്റോറുകളും ഉൾപ്പെടെ ആകെ 2180 നന്മ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. കൺസ്യൂമർഫെഡ്

LIBRARY ARCHIVES Kerala Legislative Assembly